**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2928** **12-07-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സൗഹൃദ മത്സ്യവിപണന മാർക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യവിപണന സംസ്കരണ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. മത്സ്യവിപണന രംഗത്ത് സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ ഓരോ മത്സ്യമാർക്കറ്റുകളും നിർമ്മിക്കുമ്പോൾ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സംവിധാനം എന്നിവ ഓരോ മത്സ്യമാർക്കറ്റുകളിലും ഉൾക്കൊള്ളിച്ചു കൊണ്ടാണ് നിർമ്മാണം നടത്തുന്നത്. കൂടാതെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന സംസ്കരണവും നിർമ്മാണവും മേഖലയിൽ തൊഴിലവസരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ശക്തികുളങ്ങരയിൽ ഒരു മൂല്യവർദ്ധിത മത്സ്യ ഉൽപ്പാദന പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം നടത്തിവരുന്നത്.<br><br>മത്സ്യവിപണന സംസ്കരണ മേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ .ധനമിടപാടുകാരുടേയും കൊള്ളപ്പലിശ ക്കാരുടേയും ചൂഷണത്തിൽ നിന്നും |

| | | | |
|---|---|---|---|
| | | | മുക്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കായി പലിശരഹിത വായ്പ നൽകിക്കൊണ്ട് സാഫ് മുഖേന 3R/JLG Project എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീരദേശ മേഖലയിൽ മത്സ്യ വിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ 4660 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും കൊള്ളപ്പലിശക്കാരുടെ ചൂഷണം ഒരു പരിധിവരെ തടയുന്നതിനും ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. 4660 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 932 ജെ.എൽ.ജികളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ എന്നീ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. 466 ലക്ഷം രൂപ റിവോൾവറിംഗ് ഫണ്ടായി ഉപയോഗിച്ചു വരുന്നു. റിവോൾവറിംഗ് ഫണ്ട് തിരിച്ചടവ് 100 ശതമാനമാണ്. തിരിച്ചടവ് പൂർത്തിയാക്കുന്ന യൂണിറ്റുകൾക്ക് ടി തുക വീണ്ടു അനുവദിക്കുന്നു. 2022-23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 ജെ.എൽ.ജി യൂണിറ്റുകൾ ആരംഭിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>വനിതാ മത്സ്യ വിപണന തൊഴിലാളികൾ പൊതുഗതാഗത മാർഗ്ഗങ്ങളിൽ നേരിടുന്ന അവഗണനയും യാത്രാക്ലേശവും മുന്നിൽ കണ്ട് ഹാർബറിൽ നിന്നും മാർക്കറ്റുകളിലേക്കും തിരിച്ചും സൗജന്യ യാത്രയ്ക്കായി കെ.എസ്.ആർ.ടി. സി യുമായി ചേർന്ന് സമു ബസ്സ് സർവ്വീസ് ആരംഭിച്ചു. |
| (ബി) | മത്സ്യവിപണന മാർക്കറ്റുകൾ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാന മൊട്ടാകെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ മത്സ്യ മാർക്കറ്റുകളിലും പ്രാഥമിക സൗകര്യം ഒരുക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തിയാണ് ഡിസൈൻ[3] ചെയ്തിരിക്കുന്നത്. കച്ചവടക്കാർക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥലസൗകര്യം അനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം മാർക്കറ്റുകളിൽ ഉറപ്പുവരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ